പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.57 — 7.8.2017 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാരെ സ്വന്തം ജില്ലയിൽ നിയമിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; | (എ) സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25.2.2017 ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 11 ൽ പൊതു സ്ഥലംമാറ്റത്തിൽ പ്രത്യേക മുൻഗണന ഉള്ള പരിരക്ഷിക്കപ്പെട്ട/പ്രഥമ ഗണനീയ വിഭാഗങ്ങൾ, അന്ധരായ ഉദ്യോഗസ്ഥർ, വികലാംഗരായ ജീവനക്കാർ, മൂകരും ബധിരരുമായ ജീവനക്കാർ എന്നിവരെ യഥാക്രമം 2, 3, 4 എന്നീ ക്രമത്തിൽ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) സ്ഥാനക്കയറ്റം ലഭിച്ചാലും ഇവരെ സ്വന്തം ജില്ലയിൽ നിയമിക്കാൻ വ്യവസ്ഥയുണ്ടോ; | (ബി) പൊതുസ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് 25.2.2017 ലെ സ.ഉ(പി) നം.3/2017/ ഉ.ഭ.പ.വ പ്രകാരം പരമാവധി 5 വർഷം സംരക്ഷണം ലഭിക്കുന്നതാണ്. |
| (സി) ഭിന്നശേഷിയുള്ള ജീവനക്കാരെ അവരുടെ ജില്ലകൾക്ക് പുറത്ത് നിയമനം നൽകിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ഭിന്നശേഷിയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് 3% സംവരണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ? | (ഡി) ഇല്ല. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ